**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1486** | **10-10-2024 - ൽ മറുപടിയ്ക്ക്**

**വയനാട് ദുരന്തത്തിനിരയായ കുടുംബങ്ങളുടെ പുനരധിവാസം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി കെ. കെ. ശൈലജ ടീച്ചർ ,<br>ശ്രീ. പി. മമ്മിക്കുട്ടി,<br>ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ,<br>ശ്രീ. പി. ടി. എ. റഹീം** | | **ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി)** | |
| (എ) | വയനാട്-മേപ്പാടി പഞ്ചായത്തിലെ ചൂരൽമല, മുണ്ടക്കൈ, പുഞ്ചിരിമട്ടം എന്നിവിടങ്ങളിലുണ്ടായ ഉരുൾപൊട്ടലിൽ ദുരന്തത്തിനിരയായ കുടുംബങ്ങളുടെ പുനരധിവാസം ഏത് ഘട്ടത്തിലാണെന്നു വിശദമാക്കാമോ; | (എ) | വയനാട് മേപ്പാടി പഞ്ചായത്തിലുണ്ടായ ഉരുൾപ്പൊട്ടൽ ദുരന്തബാധിതരെ പുനരധിവസിപ്പിക്കുന്നതിനായി ഏറ്റവും അനുയോജ്യമാണെന്ന് കണ്ടെത്തിയിട്ടുള്ള മേപ്പാടി പഞ്ചായത്തിലെ നെടുമ്പാല എസ്റ്റേറ്റിലും, കൽപ്പറ്റ മുനിസിപ്പാലിറ്റിയിലെ എൽസ്റ്റോൺ എസ്റ്റേറ്റിലും മോഡൽ ടൗൺഷിപ്പ് നിർമ്മിക്കുവാൻ തത്വത്തിൽ അംഗീകാരം നല്കുകയും, ടൗൺഷിപ്പ് നിർമ്മിക്കുവാൻ ഏറ്റവും അനുയോജ്യമാണെന്ന് കണ്ടെത്തിയിട്ടുള്ള വൈത്തിരി താലൂക്കിലെ, കോട്ടപ്പടി വില്ലേജിലെ ബ്ലോക്ക് നം. 28, സർവ്വേ നം. 366 ൽപ്പെട്ട നെടുമ്പാല എസ്റ്റേറ്റിലെ 65.41 ഹെക്ടർ ഭൂമിയും, വൈത്തിരി താലൂക്കിലെ കൽപ്പറ്റ വില്ലേജിലെ ബ്ലോക്ക് നം. 19, സർവ്വേ നം. 88/1 ൽ പ്പെട്ട എൽസ്റ്റോൺ എസ്റ്റേറ്റിലെ 78.73 ഹെക്ടർ ഭൂമിയും ദുരന്ത നിവാരണ നിയമം 2005 പ്രകാരം posession ഏറ്റെടുക്കുന്നതിന് 04/10/2024 ലെ സഉ(കൈ)നം.11/2024/ഡിഎംഡി പ്രകാരം തത്വത്തിൽ അനുമതി നൽകുകയും ചെയ്തിട്ടുണ്ട്.<br><br>ദുരന്തത്തിൽ വീടും സ്ഥലവും നഷ്ടപ്പെട്ട കുടുംബങ്ങളെ ഒന്നാം ഘട്ടമായി (Phase 1) പുനരധിവസിപ്പിക്കുന്നതിനും, വാസയോഗ്യമല്ലാതായി തീർന്ന സ്ഥലങ്ങളിൽ (No Go Zones) ഉൾപ്പെടുന്ന മറ്റ് കുടുംബങ്ങളെ രണ്ടാം ഘട്ടമായി (Phase II) പുനരധിവസിപ്പിക്കുന്നതിനുമാണ് സർക്കാർ തീരുമാനിച്ചിട്ടുള്ളത്. പുനരധിവാസ പദ്ധതിയുടെ ഒന്നും രണ്ടും ഘട്ടങ്ങളിൽ (Phase I and Phase II) ഉൾപ്പെടുന്ന ഗുണഭോക്താക്കളുടെ കരട് പട്ടിക പ്രസിദ്ധീകരിക്കുന്നതിന് വയനാട് ജില്ലാ കളക്ടർക്ക് അനുമതി നല്കിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ബി) | ക്യാമ്പുകളിൽ നിന്ന് വാടക വീടുകളിലേക്കോ ബന്ധുവീടുകളിലേക്കോ മാറി താമസിക്കുന്നവർക്ക് ആവശ്യമായ സഹായങ്ങൾ ഏർപ്പെടുത്താൻ കഴിഞ്ഞിട്ടുണ്ടോ; വിശദാംശം നൽകുമോ; | (ബി) | ദുരന്ത ബാധിതരായ മുഴുവൻ കുടുംബങ്ങളെയും വാടകവീടുകളിലേയ്ക്കും വിവിധ സർക്കാർ വകുപ്പുകളുടെ കൈവശമുള്ള ക്വാർട്ടേഴ്സുകളിലേയ്ക്കും ബന്ധുവീടുകളിലേയ്ക്കുമായി 24 ദിവസത്തിനകം പുനരധിവസിപ്പിച്ചു. ദുരിതാശ്വാസ ക്യാമ്പുകളിൽ നിന്നും പുനരധിവസിപ്പിക്കുന്ന ആളുകൾക്ക് അത്യാവശ്യമായ ഭക്ഷണ സാധനങ്ങളും മറ്റുമടങ്ങിയ കിറ്റുകൾ വിതരണം ചെയ്തു. വീടുകൾക്ക് ആവശ്യമായ ഫർണിച്ചറുകളും മറ്റുപകരണങ്ങളും വിതരണം ചെയ്തു. ഉരുൾപ്പൊട്ടൽ ബാധിതരായവർക്ക് ക്യാമ്പുകളിൽ നിന്ന് വാടകവീടുകളിലേയ്ക്കോ, ബന്ധുവീടുകളിലേയ്ക്കോ മാറുന്നവർക്ക് പ്രതിമാസം വാടക ആയി 6000/- രൂപ വീതം സഉ(സാധാ)നം.597/24/ഡിഎംഡി പ്രകാരം അനുവദിച്ച് ഉത്തരവായിട്ടുണ്ട്. അതോടൊപ്പം 09/08/2024 ലെ സഉ(സാധാ)നം.589/2024/ ഡിഎംഡി പ്രകാരം 10,000/- വീതം അടിയന്തിര ധനസഹായവും ജീവനോപാധി നഷ്ടപ്പെടുന്ന കുടുംബങ്ങൾക്ക് സഹായധനമായി പ്രായപൂർത്തിയായ ഒരു വ്യക്തിക്ക് 300/- രൂപ വീതം 30 ദിവസത്തേക്കും അനുവദിച്ചിരുന്നു. ഈ ആനുകൂല്യം ഒരു കുടുംബത്തിലെ രണ്ട് വ്യക്തികൾക്കാണ് അനുവദിച്ചത്. ഇത് കൂടാതെ ആശുപത്രിയിൽ ദീർഘനാൾ ചികിത്സയിൽ കഴിയുന്ന രോഗിയുള്ള / കിടപ്പുരോഗികൾ ഉള്ള കുടുംബങ്ങളിൽ ഒരാൾക്ക് കൂടി 300/- രൂപ വീതം അധികമായി 30 ദിവസത്തേക്ക് അനുവദിച്ചിരുന്നു. താൽക്കാലികമായി പുനരധിവസിക്കപ്പെട്ടവർക്ക് ഏതെങ്കിലും വിധത്തിലുള്ള പ്രയാസങ്ങൾ തുടർന്നുണ്ടായാൽ അക്കാര്യത്തിൽ പരാതി നൽകാനും ഇടപെടാനും അസി.കളക്ടറുടെ നേതൃത്വത്തിൽ ഒരു ഹെൽപ്പ് ഡെസ്ക് പ്രവർത്തിച്ചു വരുന്നു. |
| (സി) | ഔദ്യോഗിക രേഖകൾ നഷ്ടപ്പെട്ടവർക്ക് അത് ലഭ്യമാക്കുന്നതിനും ദുരന്തബാധിതർക്ക് അടിയന്തര ധസഹായം ലഭ്യമാക്കാനും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; | (സി) | 07/08/2024 ലെ സഉ(കൈ)നം.142/2024/ആർ.ഡി പ്രകാരം മേപ്പാടി പഞ്ചായത്തിലെ ഉരുൾപ്പൊട്ടൽ ബാധിതരുടെ താഴെ പറയുന്ന സർട്ടിഫിക്കറ്റുകൾ വീണ്ടെടുക്കുന്നതിന് അടിയന്തിരമായി നടപടി സ്വീകരിക്കുവാൻ നിർദ്ദേശം നല്കിയിരുന്നു.<br><br>ആധാർ കാർഡ്, റേഷൻ കാർഡ്, വോട്ടേഴ്സ് ഐഡി കാർഡ് (EPIC Card),UDID കാർഡ്, വാഹന രജിസ്ട്രേഷൻ (ആർസി ബുക്ക്), ഡ്രൈവിംഗ് ലൈസൻസ്, ഹെൽത്ത് കാർഡ്, മഹാത്മാഗാന്ധി എൻആർഇജിഎസ് ജോബ് കാർഡ്, എംപ്ലോയ്മെന്റ് രജിസ്ട്രേഷൻ കാർഡ്, ജനന സർട്ടിഫിക്കറ്റ്, മരണ സർട്ടിഫിക്കറ്റ്, വിവാഹ സർട്ടിഫിക്കറ്റ്, ഉടമസ്ഥാവകാശ സർട്ടിഫിക്കറ്റ്, ജാതി സർട്ടിഫിക്കറ്റ്, കമ്മ്യൂണിറ്റി സർട്ടിഫിക്കറ്റ്, ഭൂമി |

| | | | |
|---|---|---|---|
| | | | രേഖകൾ, പരീക്ഷാഭവൻ നൽകുന്ന വിദ്യാഭ്യാസ യോഗ്യത തെളിയിക്കുന്ന സർട്ടിഫിക്കറ്റുകൾ, മാർക്ക് ലിസ്റ്റുകൾ - SSLC, THSLC, KTET, TTC, DEd, DElEd, KGTE (ടൈപ്പ് റൈറ്റിംഗ്), അറബിക് ലാംഗ്വേജ് ടീച്ചർ എക്സാം, NTEC തുടങ്ങിയവ. പ്ലസ് ടു, വിഎച്ച്എസ്ഇ, ഐടിഐ, പോളിടെക്നിക് സർട്ടിഫിക്കറ്റുകൾ, ബാങ്ക് പാസ്ബുക്കുകൾ/എടിഎം കാർഡുകൾ.<br><br>രണ്ടാം ഘട്ടമായി പാസ്പോർട്ട്, പാൻ കാർഡ്, എൽപിജി കാർഡ് തുടങ്ങിയ രേഖകൾ വീണ്ടെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുവാനും നിർദ്ദേശം നല്കിയിരുന്നു.<br><br>മേൽ ഉത്തരവിന്റെ അടിസ്ഥാനത്തിൽ വയനാട് ജില്ലാകളക്ടർ സർട്ടിഫിക്കറ്റ് വീണ്ടെടുക്കൽ ക്യാംപയിനുകൾ നടത്തുകയും 1130 രേഖകൾ വിതരണം ചെയ്യുകയും ചെയ്തിട്ടുണ്ട്. 09/08/2024 ലെ സഉ(സാധാ)നം.589/2024/ഡിഎംഡി പ്രകാരം മേപ്പാടി പഞ്ചായത്തിലെ ഉരുൾപ്പൊട്ടൽ ദുരന്ത ബാധിത കുടുംബങ്ങൾക്ക് അടിയന്തിര ധനസഹായമായി 10,000/- വീതം അനുവദിക്കുവാൻ അനുമതി നൽകിയിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ 1031 കുടുംബങ്ങൾക്ക് അടിയന്തിര ധനസഹായമായി 10,000/- രൂപ വീതം വിതരണം ചെയ്തിട്ടുണ്ട്. |
| (ഡി) | ദുരന്തബാധിതരുടെ സുസ്ഥിര പുനരധിവാസം സംബന്ധിച്ച് തീരുമാനങ്ങൾ കൈക്കൊണ്ടിട്ടുണ്ടോ; ടൗൺഷിപ്പ് നിർമ്മാണം എന്ന ആശയം നടപ്പാക്കുന്നതിന് നടപടികൾ ആരംഭിച്ചിട്ടുണ്ടോ; വിശദമാക്കുമോ? | (ഡി) | മേപ്പാടി പഞ്ചായത്തിലുണ്ടായ ഉരുൾപ്പൊട്ടൽ ദുരന്തബാധിതരെ പുനരധിവസിപ്പിക്കുന്നതിനായി ഏറ്റവും അനുയോജ്യമാണെന്ന് കണ്ടെത്തിയിട്ടുള്ള മേപ്പാടി പഞ്ചായത്തിലെ നെടുമ്പാല എസ്റ്റേറ്റിലും, കൽപ്പറ്റ മുനിസിപ്പാലിറ്റിയിലെ എൽസ്റ്റോൺ എസ്റ്റേറ്റിലും മോഡൽ ടൗൺഷിപ്പ് നിർമ്മിക്കുവാൻ 04/10/2024 ലെ സഉ(കൈ)നം.11/2024/ഡിഎംഡി പ്രകാരം തത്വത്തിൽ അംഗീകാരം നല്കകിയിട്ടുണ്ട്.<br><br>ദുരന്തത്തിൽ വീടും സ്ഥലവും നഷ്ടപ്പെട്ട കുടുംബങ്ങളെ ഒന്നാം ഘട്ടമായി (Phase-1) പുനരധിവസിപ്പിക്കുന്നതിനും, വാസയോഗ്യമല്ലാതായി തീർന്ന സ്ഥലങ്ങളിൽ (No Go Zones) ഉൾപ്പെടുന്ന മറ്റ് കുടുംബങ്ങളെ രണ്ടാം ഘട്ടമായി (Phase-II) പുനരധിവസിപ്പിക്കുന്നതിനുമാണ് സർക്കാർ തീരുമാനിച്ചിട്ടുള്ളത്. പുനരധിവാസ പദ്ധതിയുടെ ഒന്നും രണ്ടും ഘട്ടങ്ങളിൽ (Phase I and Phase II) ഉൾപ്പെടുന്ന ഗുണഭോക്താക്കളുടെ കരട് പട്ടിക പ്രസിദ്ധീകരിക്കുന്നതിന് വയനാട് ജില്ലാ കളക്ടർക്ക് അനുമതി നല്കിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | ദുരന്തം അനുഭവിച്ചവർക്കും ദുരന്ത ബാധിതരായിട്ടുള്ളവർക്കും വേണ്ടി സുസ്ഥിരവും പരിസ്ഥിതിയ്ക്ക് ഏറ്റവും അനുയോജ്യമായ സംവിധാനങ്ങളും housing layout ഉൾപ്പെട്ട മോഡൽ ടൗൺഷിപ്പ് നിർമ്മിക്കണമെന്ന് സർക്കാർ തീരുമാനിച്ചിട്ടുള്ളത്. ദുരന്ത ബാധിതരുമായി 23/08/2024 ൽ നടത്തിയ ചർച്ചയിൽ (Public Consultation) പുതിയതായി സ്ഥാപിക്കുന്ന വീടുകൾ സുരക്ഷിത സ്ഥലത്തായിരിക്കണമെന്നും, മുൻപ് താമസിച്ചിരുന്ന സ്ഥലത്തിന് അടുത്തായിരിക്കണമെന്നും, ഒരുമിച്ച് താമസിക്കുവാൻ കഴിയുന്നവിധം ആകണമെന്നും ഉപജീവനത്തിന് അനുയോജ്യമാകണമെന്നും ഉള്ള ആവശ്യങ്ങൾ ഉയർന്നു വന്നിരുന്നു. ഈ അഭിപ്രായങ്ങൾ കൂടി കണക്കിലെടുത്താണ് പുനരധിവാസത്തിനുള്ള സ്ഥലങ്ങൾ കണ്ടെത്തിയിട്ടുള്ളത്. ഭൂമി പ്ലോട്ടുകൾ തിരിച്ച് ശ്രദ്ധാപൂർവ്വവും സുസ്ഥിരവുമായ രീതിയിൽ ഭവന നിർമ്മാണം നടത്താനാണ് ഉദ്ദേശിക്കുന്നത്. കൂടാതെ ആന്തരിക റോഡുകൾ, അംഗൻവാടി, സ്കൂൾ, പോസ്റ്റ് ഓഫീസ്, ആരോഗ്യ ക്ലീനിക്ക്, മാലിന്യ സംസ്കരണ മേഖല, കമ്മ്യൂണിറ്റി ഹബ്ബ്, പാർക്ക്, മറ്റ് സാമൂഹിക പശ്ചാത്തലങ്ങൾ അടക്കമുള്ള മറ്റ് സൗകര്യങ്ങൾ ടൗൺഷിപ്പിൽ ഒരുക്കേണ്ടതായിട്ടുമുണ്ട്. നിർദ്ദിഷ്ട ടൗൺഷിപ്പിന്റെ മാതൃക, layout എന്നിവ തയ്യാറാക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ദുരന്ത നിവാരണ വകുപ്പ്- വയനാട് വൈത്തിരി താലൂക്കിലെ വെള്ളരിമല വില്ലേജിൽ മേപ്പാടി ഗ്രാമ പഞ്ചായത്തിൽ 30/07/2024 ന് ഉണ്ടായ ഉരുൾപ്പൊട്ടലിൽ ദുരന്തബാധിതരായവരുടെ പുനരധിവാസത്തിന് മോഡൽ ടൗൺഷിപ്പ് നിർമ്മിക്കുന്നത് സംബന്ധിച്ച് -ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ദുരന്ത നിവാരണ (എ)വകുപ്പ്**

സ.ഉ.(കൈ) നം.11/2024/DMD തീയതി,തിരുവനന്തപുരം, 04-10-2024

---

പരാമർശം:- 1. സഉ(പി)നം.2/2024/ഡിഎംഡി തീയതി 09.08.2024

2. സഉ(സാധ) 590/2024/ഡിഎംഡി തീയതി 09.08.2024

**<u>ഉത്തരവ്</u>**

വയനാട് ജില്ലയിലെ വൈത്തിരി താലൂക്കിലെ മേപ്പാടി പഞ്ചായത്തിലെ ഉരുൾപ്പൊട്ടലിൽ ദുരന്ത ബാധിതരായവരുടെ പുനരധിവാസത്തിന് മോഡൽ ടൗൺഷിപ്പ് നിർമ്മിക്കുന്നത് സംബന്ധിച്ച് ചുവടെ കാണുന്ന പ്രകാരം ഉത്തരവാകുന്നു.

എ). മേപ്പാടി ചൂരൽമല ദുരന്തബാധിതരെ പുനരധിവസിപ്പിക്കുന്നതിനായി ഏറ്റവും അനുയോജ്യമാണെന്ന് കണ്ടെത്തിയിട്ടുള്ള മേപ്പാടി പഞ്ചായത്തിലെ നെടുമ്പാല എസ്റ്റേറ്റിലും, കൽപ്പറ്റ മുനിസിപ്പാലിറ്റിയിലെ എൽസ്റ്റോൺ എസ്റ്റേറ്റിലും മോഡൽ ടൗൺഷിപ്പ് നിർമ്മിക്കുവാൻതത്വത്തിൽ അംഗീകാരം നല്കുന്നു.

ബി). ടൗൺഷിപ്പ് നിർമ്മിക്കുവാൻ ഏറ്റവും അനുയോജ്യമാണെന്ന് കണ്ടെത്തിയിട്ടുള്ള വൈത്തിരി താലൂക്കിലെ, കോട്ടപ്പടി വില്ലേജിലെ ബ്ലോക്ക് നം. 28, സർവ്വ നം. 366 ൽപ്പെട്ട നെടുമ്പാല എസ്റ്റേറ്റിലെ 65.41 ഹെക്ടർ ഭൂമിയും, വൈത്തിരി താലൂക്കിലെ, കൽപ്പറ്റ വില്ലേജിലെ ബ്ലോക്ക് നം. 19, സർവ്വേ നം 88/1 ൽ പ്പെട്ട എൽസ്റ്റോൺ എസ്റ്റേറ്റിലെ 78.73 ഹെക്ടർ ഭൂമിയും അഡ്വക്കേറ്റ് ജനറലിന്റെ വിദഗ്ധോപദേശമനുസരിച്ച് ദുരന്ത നിവാരണ നിയമം 2005 പ്രകാരം posession ഏറ്റെടുക്കുന്നതിന് തത്ത്വത്തിൽ അനുമതി നൽകുന്നു.

സി). പരാമർശം(2) ഉത്തരവ് പ്രകാരം രൂപീകൃതമായ വിദഗ്ധ സമിതി ശിപാർശ ചെയ്തിട്ടുള്ള വാസയോഗ്യമായതും അല്ലാത്തതുമായ സ്ഥലങ്ങൾ (Go and No Go Zones) അംഗീകരിക്കുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ പുനരധിവാസത്തിന് ആവശ്യമായി വരുന്ന ആകെ സ്ഥലം നിശ്ചയിക്കേണ്ടതാണ്.

ഡി). ദുരന്തത്തിൽ വീടും സ്ഥലവും നഷ്ടപ്പെട്ട കുടുംബങ്ങളെ ഒന്നാം ഘട്ടമായി (Phase I) പുനരധിവസിപ്പിക്കുന്നതിനും, വാസയോഗ്യമല്ലാതായി തീർന്ന സ്ഥലങ്ങളിൽ (No Go Zones) ഉൾപ്പെടുന്ന മറ്റ് കുടുംബങ്ങളെ രണ്ടാം ഘട്ടമായി (Phase II) പുനരധിവസിപ്പിക്കുന്നതിനും അനുമതി നല്കുന്നു.

ഇ) പുനരധിവാസ പദ്ധതിയുടെ ഒന്നും രണ്ടും ഘട്ടങ്ങളിൽ (Phase I and Phase II) ഉൾപ്പെടുന്ന

ഗുണഭോക്താക്കളുടെ കരട് പട്ടിക വയനാട് ജില്ലാ കളക്ടർ പ്രസിദ്ധീകരിക്കേണ്ടതാണ്. പട്ടിക അന്തിമമാക്കുന്നത് സംബന്ധിച്ച് വിശദമായ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കാൻ റവന്യൂ വകുപ്പിനെ ചുമതലപ്പെടുത്തുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

കെ ആർ ജ്യോതിലാൽ

അഡീഷണൽ ചീഫ് സെക്രട്ടറി

അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്),(എ&ഇ) കേരള, തിരുവനന്തപുരം

കമ്മീഷണർ, ലാന്റ് റവന്യൂ, തിരുവനന്തപുരം

കമ്മീഷണർ,ദുരന്ത നിവാരണം

ജില്ലാകളക്ടർ, വയനാട്

മെമ്പർ സെക്രട്ടറി, സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി

റവന്യൂ വകുപ്പ്

തദ്ദേശ സ്വയം ഭരണ വകുപ്പ്

പൊതുഭരണ(എസ്.സി) വകുപ്പ്

പൊതുജന സമ്പർക്ക വകുപ്പ്(Web and New Media)

സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ